പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5340 15.11.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ**

ചോദ്യം

ശ്രീ.വി. ജോയി

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ കച്ചവട സ്ഥാപനങ്ങൾക്കും ഓഫീസുകൾക്കുമായി വാടകയ്ക്ക് നല്കിയിട്ടുണ്ടോ; എങ്കിൽ ആയതിൽ നിന്നും പ്രതിമാസം ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>BOT വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി പണിത വാണിജ്യ സമുച്ചയങ്ങൾ ഒഴികെയുള്ള ബസ് സ്റ്റേഷനുകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങളിൽ നിന്നും, ബസ് സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന വിവിധ സ്റ്റാളുകളിൽ നിന്നുമായി ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസം ശരാശരി 81,35,775/- രൂപ ലഭിക്കുന്നുണ്ട്.<br>KTDFC- BOT അടിസ്ഥാനത്തിൽ KSRTC-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ബസ് ടെർമിനൽ കോംപ്ലക്സുകളിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വാടക വരുമാനം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം | 38,24,657 രൂപ |
| കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, അങ്കമാലി | 32,10,679 രൂപ |
| കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, തിരുവല്ല | 3,97,156 രൂപ |
| കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ്, | കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിലെ വാണിജ്യ |

| | | | |
|---|---|---|---|
| | | | കോഴിക്കോട് \| സ്ഥലങ്ങൾ ഒറ്റ യൂണിറ്റായി M/s. Alif Builders എന്ന സ്ഥാപനത്തിന് താൽക്കാലിക അലോട്ട്മെന്റ് നൽകിയിട്ടുണ്ടെങ്കിലും വാടക ലഭിച്ചു തുടങ്ങിയിട്ടില്ല. പേ ആന്റ് യൂസ് ടോയ്‌ലെറ്റ് ആന്റ് പേ ആന്റ് പാർക്ക് എന്നീ ഇനങ്ങളിൽ നിന്നും പ്രതിമാസം 5,74,118 രൂപ ലഭിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഏതെല്ലാം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനുകളിൽ ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ കടമുറികളോ വലിപ്പമേറിയ ഹാളുകളോ വാടകയ്ക്ക് ഏറ്റെടുക്കാതെ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വ്യക്തമാക്കാമോ; | (ബി) | പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങളിൽ ചുവടെ പറയുന്ന ബസ് സ്റ്റേഷനുകളിൽ കടമുറികൾ / ഹാളുകൾ ഒഴിഞ്ഞു കിടക്കുന്നു.<br>കാട്ടാക്കട – 1<br>നെയ്യാറ്റിൻകര – 18<br>നെടുമങ്ങാട് – 30<br>കൊട്ടാരക്കര – 4<br>കണ്ണൂർ - 3<br>പയ്യന്നൂർ - 14<br>കാസർഗോഡ് - 9<br>കൂടാതെ വിവിധ ബസ് സ്റ്റേഷനുകളിലായി 65 സ്റ്റാളുകൾ / കടമുറികൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്.<br>• BOT വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി യുടെ സ്ഥലത്ത് നിർമ്മിച്ച കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ് കെട്ടിടം ഒറ്റ യൂണിറ്റായി M/s. Alif Builders എന്ന സ്ഥാപനത്തിന് താൽക്കാലിക അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. വാടകക്കരാർ ഒപ്പ് വെച്ചതിന് ശേഷമേ സ്ഥലം പ്രസ്തുത സ്ഥാപനത്തിന് കൈമാറുകയുള്ളൂ.<br>• തിരുവല്ല കെ.എസ്.ആർ.ടി.സി ബസ് |

| | | | |
|---|---|---|---|
| | | | ടെർമിനൽ കോംപ്ലക്സിലെ സ്ഥലം വാടകയ്ക്ക് നൽകുന്നതിനുള്ള ടെൻഡറുകളിൽ വളരെ കുറച്ച് പേർ മാത്രമാണ് പങ്കെടുത്തത്. അതിനാൽ വളരെ കുറച്ച് സ്ഥലം മാത്രമാണ് ടെൻഡർ മുഖേന വാടകയ്ക്ക് നൽകാനായിട്ടുള്ളത്. നാളിതുവരെ 7 ടെൻഡറുകളിലായി 14551.48 ച:അടി സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട്.<br>• അങ്കമാലി കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സിൽ ആകെയുള്ള 97883.11 Sq.ft ഏരിയയിൽ 86420.99 ച:അടി സ്ഥലം ടെൻഡർ മുഖേന വാടകയ്ക്കു നൽകിക്കഴിഞ്ഞു. ബാക്കിയുള്ള 11462.12 ച:അടി ഏരിയക്കുള്ള ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.<br>• തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സിലെ ആകെയുള്ള റെന്റബിൾ ഏരിയ ആയ 99797 ച:അടി സ്ഥലത്തിൽ 91790.66 ച:അടി സ്ഥലം സർക്കാർ ആഫീസുകൾക്കും സ്വകാര്യ വ്യക്തികൾക്കും വാടകയ്ക്ക് നൽകി കഴിഞ്ഞു. ബാക്കിയുള്ള 8006.41 ച:അടി അടുത്ത ടെൻഡറിൽ ഉൾപ്പെടുത്തുന്നതാണ്. |
| (സി) | ഉണ്ടെങ്കിൽ അവ അടിയന്തരമായി വാടകയ്ക്ക് നല്കി വരുമാന വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ദർഘാസ് നടപടികൾ സ്വീകരിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**